# എൻ.എസ്.എസ്. ബഡ്ജറ്റ് പൊതുയോഗം 2024

നായർ സർവീസ് സൊസൈറ്റിയുടെ 110-ാമത് വാർഷിക ബഡ്ജറ്റ് സമ്മേളനം 22.6.2024-ന് പെരുന്ന എൻ.എസ്.എസ്. പ്രതിനിധിസഭാമന്ദിരത്തിൽ നടന്നു. പ്രസിഡന്റ് ഡോ. എം. ശശികുമാർ അദ്ധ്യക്ഷത വഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ ജനറൽ സെക്രട്ടറി ജി. സുകുമാരൻനായർ 2024-25 വർഷത്തേക്കുള്ള 157 കോടി 55 ലക്ഷം രൂപാ വരവും അത്രയുംതന്നെ ചെലവും വകയിരുത്തിയ ബഡ്ജറ്റ് അവതരിപ്പിച്ചു. (മുൻവർഷത്തെ ബഡ്ജറ്റ് 144 കോടി 25 ലക്ഷം രൂപയായിരുന്നു)

പതിവുപോലെ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരുടെ നേതൃത്വത്തിൽ മന്നംസമാധിയിൽ പുഷ്പാർച്ചന നടത്തിയശേഷമാണ് യോഗ നടപടികൾ ആരംഭിച്ചത്. പിന്നീട് പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞ നടന്നു. അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗത്തിനു ശേഷം ജനറൽ സെക്രട്ടറി ബഡ്ജറ്റ് അവതരിപ്പിച്ചു.

പുതിയ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുക, സ്കൂളുകളിലെയും കോളേജുകളിലെയും ഭൗതികസൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക, മറ്റു കെട്ടിടങ്ങളുടെ നവീകരണവും അറ്റകുറ്റപ്പണികളും നടത്തുക, വസ്തുക്കളുടെ സംരക്ഷണം ഉറപ്പാക്കുക എന്നിവയ്ക്ക് ഈ ബഡ്ജറ്റിൽ പ്രത്യേക പ്രാധാന്യം നല്കിയിട്ടുണ്ട്. ജനറൽ സെക്രട്ടറി അവതരിപ്പിച്ച ബഡ്ജറ്റ് യോഗം ഐകകണ്ഠ്യേന അംഗീകരിച്ചു.

കേന്ദ്ര - സംസ്ഥാനസർക്കാരുകളും രാഷ്ട്രീയപ്രസ്ഥാനങ്ങളും മുന്നാക്കസമുദായങ്ങൾക്ക് നീതി നല്കാതെ അകറ്റിനിർത്തുകയാണെന്നും, ജാതിസെൻസസ് നടപ്പാക്കിയാൽ സംവരണത്തിന്റെ പേരിൽ കൂടുതൽ അഴിമതി നടക്കുമെന്നും രാജ്യത്തിന്റെ അഖണ്ഡതയ്ക്ക് വെല്ലുവിളി ഉയർത്തുന്ന ജാതിസംവരണം, സ്വാതന്ത്ര്യം ലഭിച്ച് 76 വർഷം പിന്നിട്ടിട്ടും ലക്ഷ്യം കൈവവരിക്കാത്തത് പ്രായോഗികതലത്തിലെ അശാസ്ത്രീയത വെളിപ്പെടുത്തുന്നതാണെന്നും ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ടുള്ള പ്രസംഗത്തിൽ ജനറൽ സെക്രട്ടറി പറഞ്ഞു. സ്വകാര്യവിദ്യാഭ്യാസമേഖലയിൽ മാതൃകാപരമായ സേവനം നടത്തുന്ന സംഘടനയായിട്ടും സ്കൂൾ-കോളേജ് എന്നിവ സുഗമമായി നടത്താവുന്ന സാഹചര്യമല്ല നിലവിലുള്ളത് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഡയറക്ടർ ബോർഡിലേക്ക് ഒഴിവുവന്ന ഒൻപതു സ്ഥാനങ്ങളിലേക്ക് ഡോ. എം. ശശികുമാർ (കാർത്തികപ്പള്ളി), ഹരികുമാർ കോയിക്കൽ (ചങ്ങനാശ്ശേരി), അഡ്വ. എം.എസ്. മോഹൻ (പൊൻകുന്നം), ഡോ. ജി. ഗോപകുമാർ (കൊല്ലം), പി. നാരായണൻ (ഒറ്റപ്പാലം), പ്രൊഫ. ഇലഞ്ഞിയിൽ രാധാകൃഷ്ണൻ (ചേർത്തല), അഡ്വ. എ. സുരേശൻ (തൃശ്ശൂർ), അഡ്വ. എ. ബാലകൃഷ്ണൻനായർ (കാസർഗോഡ്), അഡ്വ. പി. ഹൃഷികേശ് (തലപ്പിള്ളി) എന്നിവരെ ഐകകണ്ഠ്യേന തിരഞ്ഞെടുത്തു.

എൻ.എസ്.എസ്. പ്രസിഡന്റുസ്ഥാനത്തേക്ക് ഡോ. എം. ശശികുമാർ വീണ്ടും എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. എക്സിക്യൂട്ടീവ് കൗൺസിൽ അംഗങ്ങളായി എം. സംഗീത്കുമാർ, ഹരികുമാർ കോയിക്കൽ എന്നിവരെ വീണ്ടും തിരഞ്ഞെടുത്തു. എ.എൻ. വിപിനേന്ദ്രകുമാർ (ആലുവാ) ഡയറക്ടർ ബോർഡിലേക്ക് അഡീഷണൽ എക്സ്പെർട്ട് മെമ്പറായി നിയമിക്കപ്പെടുകയും ചെയ്തു.

എൻ.എസ്.എസ്. ഇലക്ഷൻ ഓഫീസർ അഡ്വ. അനിൽ ഡി. കർത്താ തിരഞ്ഞെടുപ്പിന് മേൽനോട്ടം വഹിച്ചു.

പ്രതിനിധിസഭയിൽ ഇപ്പോൾ നിലവിലുള്ള 289 പ്രതിനിധികളിൽ 256 പേർ സമ്മേളനത്തിൽ പങ്കെടുത്തു.